പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166** | **12-10-2026-ൽ മറുപടിയ്ക്ക്**

**മരുന്നുകളുടെ ലഭ്യതയും ആരോഗ്യ ഇൻഷുറൻസും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം | ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം ആശുപത്രികൾക്ക് ലഭിക്കേണ്ട തുക കുടിശ്ശിക ഉള്ളത് എത്ര കോടി രൂപയാണ്; ഇത് തിരികെ നൽകി ഇൻഷുറൻസ് സേവനങ്ങൾ സുഗമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2026 October 1-ലെ കണക്കനുസരിച്ച് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ (AB-PMJAY-KASP) ആകെ നൽകാനുള്ള കുടിശ്ശിക ₹16,52,45,25,765/- രൂപയാണ് . കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കുടിശിക തീർപ്പാക്കാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 26.09.2026-ന് സമർപ്പിച്ച പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ 08-10-2026-ലെ G.O.(Rt)No.3383/2026/H&FWD ഉത്തരവ് പ്രകാരം 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്

ക്ലെയിം ലഭിച്ച മുൻഗണന ക്രമത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രികൾക്ക് തുക അനുവദിക്കുന്നതാണ്.

**(ബി)** സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകളും ശസ്ത്രക്രിയ ഉപകരണങ്ങളും സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയാണ്;

**മറുപടി: ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ദർഘാസുകളിലൂടെയാണ് ജനറിക് മരുന്നുകളുടെ സംഭരണം നടത്തിവരുന്നത്. വിതരണക്കാരെ ലഭ്യമായ എല്ലായിനം മരുന്നുകളും സംസ്ഥാനത്തെ വിവിധ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നുണ്ട്. ദർഘാസിൽ യോഗ്യതയുള്ള വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങൾക്ക് പുനർദർഘാസ് ക്ഷണിച്ചും മരുന്നു സംഭരണം നടത്തിവരുന്നുണ്ട്. ദർഘാസിലും പുനർദർഘാസിലും വിതരണക്കാരെ ലഭ്യമാകാത്ത മരുന്നുകൾ ഒഴികെയുള്ള എല്ലാ മരുന്നുകളും ഇൻഡന്റിനു അനുസൃതമായി വിതരണം നടത്തുന്നുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും, ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത ദിവസവും നിരീക്ഷിച്ചു വരുന്നുണ്ട്, മരുന്നുകളുടെ ലഭ്യത വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ വെയർഹൗസ് മാനേജർമാരുടെ അവലോകന യോഗം നടത്തി വരുന്നു. മരുന്നുകളുടെ ജില്ലാ തല സ്റ്റോക്ക് വിശകലനം ചെയ്തു സ്റ്റോക്ക് ലഭ്യത ഉറപ്പു വരുത്തുന്നതിനായി DHS തലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗം സംഘടിപ്പിക്കാറുണ്ട്. ഉപഭോഗത്തിന്റെ**

**അടിസ്ഥാനത്തിൽ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം എന്നിവയിലൂടെ പരിഹരിക്കുന്നു.**

**സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെയും മറ്റ് ജീവൻ രക്ഷാ ഔഷധങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.**

**(സി)** സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ ജലജന്യ-വാഹക പകർച്ചവ്യാധികൾ തടയുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

**<u>മറുപടി:</u>** ഉണ്ട്. ജലജന്യ-വാഹക പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിലേക്കായി കിണറുകളുടെയും ജലസംഭരണികളുടെയും ക്ലോറിനേഷൻ നടത്തിവരുന്നു. ജല അതോറിറ്റിയുടെ വെള്ളം പമ്പ് ചെയ്യുന്ന പമ്പ് സ്റ്റേഷനുകളിൽ ജോലിചെയ്യുന്ന പമ്പ് ഓപ്പറേറ്റർമാർക്ക് ആരോഗ്യവകുപ്പ് പരിശീലനം നൽകി വരുന്നു.

ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ സാമ്പിളുകൾ അതാത് പ്രദേശത്തെ ആരോഗ്യവകുപ്പ് ജീവനക്കാർ പരിശോധനയ്ക്ക് അയച്ച് വെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നു. ജലഅതോറിറ്റിയെയും ഇറിഗേഷൻ വകുപ്പിനെയും ഏകോപിപ്പിച്ച് കൊണ്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തി വരുന്നു. ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാവകുപ്പും സംയോജിതമായി ഹോട്ടലുകളിൽ പരിശോധനകൾ നടത്തുകയും പബ്ലിക് ഹെൽത്ത് ആക്ട് 2023 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷൻ്റെയും ഏകോപനത്തോടെ ഹരിതകർമസേന അംഗങ്ങളെ ഉൾപ്പെടുത്തി മാലിന്യസംസ്കരണം നടത്തിവരുന്നു . 2023 മുതൽ പ്രാബല്യത്തിലായ പൊതുജനാരോഗ്യ നിയമത്തിന്റെ അടിസ്ഥാനത്തിൽ മൂന്നുമാസത്തിലൊരിക്കൽ പ്രാദേശിക,ജില്ല, സംസ്ഥാന തലത്തിൽ പൊതുജനാരോഗ്യ കമ്മിറ്റി കൂടുകയും രോഗവ്യാപനത്തിനു കാരണമായ സാഹചര്യങ്ങൾ തടയുന്നതിലേക്കായി എടുത്ത നടപടികളുടെ അവലോകനവും നടത്തിവരികയും തുടർന്നുവേണ്ട കർമപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മാസത്തിലെ രണ്ടാമത്തെ ചൊവാഴ്ച്ചകളിൽ വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ,ഹോസ്റ്റലുകൾ മുതലായ സ്ഥാപനങ്ങളിലും, മാസത്തിലെ മൂന്നാമത്തെ ചൊവാഴ്ച്ചകളിൽ ഭക്ഷണശാലകളിലും ശുചിത്വ പരിശോധന, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയും തുടർന്നും പരിഹരിക്കപ്പെടാത്ത സാഹചര്യങ്ങളിൽ ഫൈൻ ഈടാക്കുകയും, ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നു.

ആരോഗ്യവകുപ്പുമായി ഏകോപിപ്പിച്ച് രോഗവ്യാപന സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും രോഗനിരീക്ഷണം ശക്തിപ്പെടുത്തുകയും കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. പ്രവർത്തനങ്ങളുടെ പുരോഗതി വാർഡ്/തദ്ദേശ സ്ഥാപന തലത്തിൽ അവലോകനം ചെയ്യുകയും, രോഗവ്യാപന സാഹചര്യം, ക്ലോറിനേഷൻ-ശുചീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി, റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആവശ്യമായ ഇടങ്ങളിൽ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**